പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 4125 21.07. 2015- ലെ മറുപടി

## തൊഴിൽ രഹിതരാകുന്ന വിദേശമലയാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) സ്വദേശിവൽക്കരണം മൂലം തൊഴിൽ രഹിതരാകുന്ന വിദേശ മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) ഗൾഫ് നാടുകളിലെ സ്വദേശിവൽക്കരണം മൂലം തൊഴിൽ രഹിതരായി തിരികെ എത്തുന്ന പ്രവാസിമലയാളികൾക്ക് ഒരു സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. താഴെ പറയുന്ന 5 പ്രധാന ഘടകങ്ങളാണ് സമഗ്ര പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1) തിരികെയെത്തിയ പ്രവാസികളെ അവരുടെ താല്പര്യമനുസരിച്ച് വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br>2) ആഭ്യന്തര തൊഴിൽമേഖലയിലേക്ക് തിരികെയെത്തിയ പ്രവാസികളുടെ പുനരേകീകരണം.<br>3) സ്വയം സംരംഭക സഹായ പദ്ധതി<br>4) പ്രവാസി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്ന പദ്ധതി.<br>5) സ്വയംതൊഴിൽ/ നിക്ഷേപ സംരംഭങ്ങൾ.<br>സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ, വിദേശ മലയാളി പ്രമുഖർ, പ്രവാസി മലയാളി സംഘടനകൾ, എന്നിവയുടെ സഹകരണവും കേന്ദ്ര സഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പ് പോലെയുള്ള വിവിധ വകുപ്പുകളുടെ സഹകരണവും പദ്ധതി നടത്തിപ്പിന് അനിവാര്യമാണ്. ആയതിലേക്കായി വിവിധ തലത്തിലുള്ള |

ചർച്ചകൾക്കുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസികൾക്ക് നോർക്ക വകുപ്പ് നടപ്പാക്കിവരുന്ന പ്രവാസി പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) മുഖേന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ബാങ്ക് ലോൺ ലഭ്യമാക്കി വരുന്നു.

ബി)ഇത്തരത്തിൽ തൊഴിൽ രഹിതരായി നാട്ടിലെത്തുന്ന പ്രവാസികൾക്ക് സ്വദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബി) വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും നൽകുവാൻ ഉത്തരവായിട്ടുണ്ട്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പുവെച്ചിട്ടുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കിവരുന്നത്.

സെക്ഷൻ ഓഫീസർ

*H*